**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5895 08.07.2013 ലെ മറുപടിക്ക്**

**തിരികെ വരേണ്ടിവരുന്ന പ്രവാസികളുടെ റിക്രൂട്ടിങ്ങ് സംവിധാനത്തിലെ പിഴവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| കുവൈറ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ജോലി നഷ്ടപ്പെട്ട് തിരികെ വരേണ്ടിവരുന്നവരുടെ റിക്രൂട്ടിംഗ് സംവിധാനത്തിലെ പിഴവ് പരിശോധിച്ച് മേലിൽ സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ? | എമിഗ്രേഷൻ ആക്ട് 1983, എമിഗ്രേഷൻ റൂൾസ് 1983 പ്രകാരവും കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും കേന്ദ്ര പ്രവാസികാര്യ വകുപ്പിന്റെ കീഴിലുള്ള രജിസ്റ്ററിംഗ് അതോറിറ്റിയായ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ അംഗീകൃത രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള ഏജൻസികൾ മുഖേനയാണ് വിദേശരാജ്യങ്ങളിലെ തൊഴിലിനായി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത്. ഈ സംവിധാനത്തിൽ നിലവിൽ പിഴവുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. എന്നാൽ അംഗീകാരമില്ലാത്ത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്നതായ വിവരം ലഭിക്കുമ്പോൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും സംസ്ഥാന പോലീസും അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ എമിഗ്രേഷൻ നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പരസ്യങ്ങളിൽ ആകൃഷ്ടരാകാതിരിക്കുന്നതിനും |

| | |
|---|---|
| | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചാരണവും ബോധവത്കരണവും നടത്തുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**